പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3475

19.10.2016 -ലെ മറുപടിയ്ക്ക്

## റബ്ബർ പ്ലാന്റേഷൻ മേഖലയിലെ തൊഴിൽരാഹിത്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം: | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലയിടിവ് മൂലം സംസ്ഥാനത്തെ റബ്ബർ പ്ലാന്റേഷൻ മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിൽ രാഹിത്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ടാപ്പിംഗ് കാലാവധി കഴിഞ്ഞതിനാൽ ടാപ്പ് ചെയ്യാത്തതുമൂലം റബ്ബർ മരങ്ങൾ ഉണങ്ങിപ്പോകുന്നതിനാൽ ടാപ്പിംഗ് തൊഴിലാളികൾക്കും മരം മുറിക്കൽ രംഗത്തെ തൊഴിലാളികൾക്കും മരം മുറിച്ചു മാറ്റി പുതിയ തൈകൾ വയ്ക്കാത്തതിനാൽ മറ്റ് തൊഴിലാളികൾക്കും ഒരേ പോലെ തൊഴിൽ നഷ്ടമാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതു സംബന്ധിച്ച് സംസ്ഥാനത്ത് ഈ മേഖലയിൽ നിൽക്കുന്ന തൊഴിലാളി യൂണിയനുകൾ നൽകിയ പരാതികളിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഈ വിഷയം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതാണ്. |
| സി) സംസ്ഥാനത്തെ മിക്ക പ്ലാന്റേഷനുകളും സർക്കാർ ഭൂമി പാട്ടത്തിനെടുത്തതും കാലാവധി കഴിഞ്ഞു നിൽക്കുന്നതുമാകയാൽ സർക്കാർ മുൻകൈ എടുത്ത് ഈ പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ